LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) റാന്നി താലൂക്കിലെ പഴവങ്ങാടി വില്ലേജിലെ ചൂരക്കുഴി പ്രദേശത്തെ 224 കൈവശങ്ങളിൽ 174 കൈവശങ്ങൾക്ക് പട്ടയം നൽകി, ബാക്കി 50 പട്ടയങ്ങൾകൂടി വിതരണം ചെയ്യാനുണ്ട്. പമ്പാവാലി പ്രദേശത്ത് ഇനിയും നൽകാനുണ്ടായിരുന്ന 290 പട്ടയങ്ങളിൽ 207 പട്ടയങ്ങൾ 2015 സെപ്തംബർ മാസത്തിലെ പട്ടയമേളയിൽ വിതരണം ചെയ്തു. ബാക്കി 83 പട്ടയങ്ങൾകൂടി വിതരണം ചെയ്യാനുണ്ട്. അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി, കൊല്ലമുള വില്ലേജിലെ അറയാഞ്ഞിലിമൺ എന്നീ സ്ഥലങ്ങളിലെ കൈവശങ്ങൾക്ക് പട്ടയം നൽകിയിട്ടില്ല. തെക്കേത്തൊട്ടി പ്രദേശത്ത് 117 കുടുംബങ്ങളും അറയാഞ്ഞിലിമൺ പ്രദേശത്ത് 540 കുടുംബങ്ങളും താമസിച്ചുവരുന്നു. മല്ലപ്പള്ളി താലൂക്കിന്റെ പരിധിയിൽവരുന്ന പെരുമ്പെട്ടി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകിയിട്ടില്ല. ചൂരക്കുഴി, പമ്പാവാലി പ്രദേശത്തെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അത്തിക്കയം 46 ഏക്കറിൽ 101 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും തെക്കേത്തൊട്ടി, അറയാഞ്ഞിലിമൺ, പെരുമ്പെട്ടി എന്നിവിടങ്ങളിൽനിന്നും വ്യക്തിഗത അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതുമാണ്.

(സി) പമ്പാവാലിയിൽ രണ്ട് ടീമിനെയും ചൂരക്കുഴിയിൽ ഒരു ടീമിനെയും നിയോഗിച്ച് കൈവശങ്ങൾ തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പമ്പാവാലി പ്രദേശത്ത് 290-ൽ 207 കൈവശങ്ങൾക്കും ചൂരക്കുഴിയിൽ 224-ൽ 174 കൈവശങ്ങൾക്കും പട്ടയം നൽകിയിട്ടുണ്ട്. പമ്പാവാലിയിൽ 83-ഉം ചൂരക്കുഴിയിൽ 50-ഉം പട്ടയങ്ങൾ വിതരണം ചെയ്യാനുണ്ട്. ഇതിൽ 70 പട്ടയങ്ങൾ അടുത്ത പട്ടയമേളയിൽ വിതരണം ചെയ്യാൻ തയ്യാറാക്കിയിട്ടുണ്ട്.

വക്കം, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളിലെ കായൽ കയ്യേറ്റം

119(1185) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളുടെ കായലോരത്ത് വ്യാപകമായി നടന്നുവരുന്ന കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ ഏതെല്ലാം തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വർക്കല താലൂക്ക് പരിധിയിലുള്ള ചെറുന്നിയൂർ വില്ലേജിൽ കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായൽ കയ്യേറ്റത്തിനെതിരെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാ വികസന സമിതി യോഗം

120(1186) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ മാസത്തിലേയും അവസാനത്തെ ശനിയാഴ്ച തിരുവനന്തപുരം കളക്ടേറ്റിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ഓരോ നിയോജക മണ്ഡലത്തിനും നിശ്ചിത സമയക്രമം നിശ്ചയിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ജില്ലയിലെ വിവിധ വകുപ്പുകൾക്ക് ലഭ്യമായ പ്ലാൻ ഫണ്ട് വിനിയോഗത്തെക്കുറിച്ചും വികസനപ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനാണ് പ്രധാനമായും ജില്ലാ വികസന സമിതി യോഗം ചേരുന്നത്. ആയതിനാൽ ഓരോ നിയോജക മണ്ഡലത്തിനും നിശ്ചിത സമയം അനുവദിച്ചുനൽകുന്നതിനുള്ള നടപടി പ്രായോഗികമല്ല.

റവന്യൂ റിക്കവറി

121(1187) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-15 ൽ അവസാനിച്ച കാലയളവിൽ പാലക്കാട് ജില്ലയിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ എത്ര തുകയാണ് പിരിച്ചെടുക്കുവാനുള്ളത്;

(ബി) ഇതിൽ എത്ര തുകയ്ക്കാണ് സ്റ്റേ അനുവദിച്ചിട്ടുള്ളത്; ഗവൺമെന്റ് തലത്തിൽ എത്ര തുകയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്;

(സി) കോടതി സ്റ്റേ ഇനത്തിൽ എത്ര കുടിശ്ശികയുണ്ട്; കോടതിയിൽ നിന്നും സ്റ്റേ നീക്കിക്കിട്ടുന്നതിന് എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly